കരാറുകാർക്കുള്ള കുടിശ്ശിക

11 (*190)ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ കൊടുത്തുതീർക്കാനുള്ള പണം നൽകാത്തതിൽ പ്രതിഷേധിച്ച് കരാറുകാർ ജൂൺ 1 മുതൽ ടെൻഡറുകൾ ബഹിഷ്കരിച്ച് സമരത്തിലാണെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥിതിവിശേഷത്തിന് പരിഹാരം കാണുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി) കരാറുകാർ അവരുടെ സമരം പിൻവലിച്ചിട്ടുണ്ട്. കുടിശ്ശിക ഭാഗികമായി തീർക്കുന്നതിന് അധിക തുക ഈ വർഷം തന്നെ അനുവദിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഊർജ്ജ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

12 (*191)ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എം. ദാസൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ വികസനം മെച്ചപ്പെടുത്തുന്നതിനായി ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) വൈദ്യുതി ഉൽപ്പാദനത്തിനുവേണ്ടി കേന്ദ്രാനുമതിക്കായി എന്തെല്ലാം പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അവ ഓരോന്നും ഏതെല്ലാം കാലഘട്ടത്തിൽ സമർപ്പിച്ചതാണെന്ന് പറയുമോ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് ഇതിനകം അനുമതി ലഭിച്ചിട്ടുണ്ടെന്ന് പറയുമോ; അനുമതി ലഭിക്കാത്ത പദ്ധതികൾ ഏതൊക്കെയാണ്;

(ഡി) കേന്ദ്രാനുമതി ലഭിച്ച പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഇ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചത് എന്നാണ്;

(എഫ്)അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് സ്റ്റേജിലിരിക്കുന്നു; എന്നത്തേയ്ക്ക് പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly